(ഡി) ബാധകമല്ല.

(ഇ) ഇല്ല. സർക്കാർ ഉത്തരവുകൾ പൂർണ്ണമായും മലയാളമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

8. [8] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയോടനുബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരാതികളിന്മേൽ എത്ര എണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) തീർപ്പാകാത്ത പരാതികൾ സമയബന്ധിതമായി തീർപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.††

(സി) എല്ലാ സെക്രട്ടറിമാർക്കും വകുപ്പുമേധാവികൾക്കും ജില്ലാ കളക്ടർമാർക്കും പരാതികളിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

അതിവേഗം ബഹുദൂരം പദ്ധതി

9. [9] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക കാരണങ്ങളാൽ മുടങ്ങിക്കിടന്ന നിർമ്മാണ പ്രവർത്തനങ്ങൾ മുഖ്യമന്ത്രിയുടെ അതിവേഗം ബഹുദൂരം പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തു നടത്തുന്നതിന് എം. എൽ. എ.-മാരിൽ നിന്ന് ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവ നിയമസഭാ മണ്ഡലം അടിസ്ഥാനത്തിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

†, †† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അതിവേഗം ബഹുദൂരം പദ്ധതിക്കായി വകുപ്പടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾ ആണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) ബാധകമല്ല.

ചെലവുചുരുക്കൽ നടപടി

10. [10] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥന്മാർ എന്നിവർ വിമാന യാത്ര നടത്തുമ്പോൾ ഇക്കോണമി ക്ലാസിൽ മാത്രമേ യാത്ര ചെയ്യാവൂ എന്ന മുൻ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ, എങ്കിൽ എന്നാണ് പിൻവലിച്ച തെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ മുഖ്യമന്ത്രി, മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവർ വിമാന യാത്ര നടത്തുന്നത് ഏത് ക്ലാസിലാണ്;

(സി) മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയും 2005 ഒക്ടോബർ, നവംബർ, ഡിസംബർ, 2006 ജനുവരി എന്നീ നാലു മാസങ്ങളിൽ എത്ര വിമാനയാത്ര നടത്തി; അവ ഓരോന്നും ഏതെല്ലാം തീയതിയിലായിരുന്നുവെന്നും അവർ ഏത് ക്ലാസിലാണ് യാത്ര നടത്തിയതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സാമ്പത്തിക നിലയിൽ നേടിയ പുരോഗതി ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ, 13-10-2003-ലെ സർക്കാർ ഉത്തരവ് നം. (പി) 530/2003/ധന പ്രകാരം മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരെക്കൂടാതെ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും അതിന് മുകളിൽ റാങ്കുള്ള ഉദ്യോഗസ്ഥന്മാർക്കും എക്സിക്യൂട്ടീവ് ക്ലാസിൽ വിമാന യാത്ര നടത്താമെന്ന് ഉത്തരവായിട്ടുണ്ട്.

(ബി) മുഖ്യമന്ത്രി ഇക്കോണമി ക്ലാസിൽ മാത്രമാണ് യാത്ര ചെയ്യുന്നത്. മന്ത്രിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ തുടങ്ങിയവർ എക്സിക്യൂട്ടീവ് ക്ലാസിലും ഇക്കോണമി ക്ലാസിലും വിമാന യാത്ര നടത്തുന്നുണ്ട്.

(സി) മുഖ്യമന്ത്രി 2005 ഒക്ടോബർ മാസത്തിൽ 3-10-2005, 5-10-2005, 6-10-2005, 8-10-2005, 9-10-2005 എന്നീ തീയതികളിൽ ഇക്കോണമി ക്ലാസിൽ വിമാനയാത്ര നടത്തിയിട്ടുണ്ട്. 2005 നവംബർ മുതൽ 2006 ജനുവരി 15 വരെയുള്ള വിമാന യാത്രയുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. ധനകാര്യ വകുപ്പുമന്ത്രി 2005 ഒക്ടോബർ, നവംബർ, ഡിസംബർ, 2006 ജനുവരി എന്നീ നാലു മാസങ്ങളിൽ 21-10-2005, 4-12-2005, 11-12-2005, 21-12-2005 എന്നീ തീയതികളിൽ എക്സിക്യൂട്ടീവ് ക്ലാസിൽ വിമാന യാത്ര നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Sl. No.	Name of Department	Subject
		2. Establishment of a Railway Station at Nedumbassery 3. Construction of new railway line from Nilambur to Nanjancode 4. Exclusive Railway Zone for Kerala 5. Kochi Metro Project 6. Doubling and Gauge conversion **Airports** 1. AIR Kerala 2. Kannur Airport 3. Thiruvananthapuram International Airport

അനുബന്ധം IV

[6-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 8 (8) കാണുക]

CHIEF MINISTER'S MASS CONTACT PROGRAMME–2004

Sl. No.	District	Total No. of petitions received in the Mass Contact Programme	Total No of petitions Settled
(1)	(2)	(3)	(4)
1.	Thiruvanthapuram	10230	3583
2.	Kollam	6127	2480
3.	Pathanamthitta	6334	2668
4.	Alappuzha	10374	3446
5.	Kottayam	10077	7174
6.	Idukki (Telp)	7708	5793
7.	Ernakulam (Telp)	1563	835
8.	Thrissur	3851	2542
9.	Palakkad	4838	1075
10.	Malapuram	4896	2324

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
11.	Kozhikode	17846	7068
12.	Wayanad	3903	1956
13.	Kannur (Telph)	4389	2495
14.	Kasargode	4765	2384
	Total	96901	45823

അനുബന്ധം V

[6-2-2006ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 18 (18) ന്മാമാധി കാണുക]

ഒഴിവുകൾ ജില്ല തിരിച്ചുള്ള കണക്കുകൾ (31-10-2005 വരെ)

ക്രമ നമ്പർ	ജില്ല	1991 മുതൽ 2003 വരെ നികത്താനുള്ള ഒഴിവുകൾ
1.	തിരുവനന്തപുരം	97
2.	കൊല്ലം	120
3.	പത്തനംതിട്ട	32
4.	ആലപ്പുഴ	40
5.	കോട്ടയം	49
6.	ഇടുക്കി	61
7.	എറണാകുളം	112
8.	തൃശ്ശൂർ	48
9.	പാലക്കാട്	135
10.	മലപ്പുറം	69
11.	വയനാട്	32
12.	കോഴിക്കോട്	81
13.	കണ്ണൂർ	119
14.	കാസർഗോഡ്	50
	ആകെ	1045

LIBRARY ARCHIVES Kerala Legislative Assembly